**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3238** — **14.03.2018-ൽ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിൽ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ പോലീസിന്റെ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നാളിതുവരെയായി എത്ര സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച 13 ക്യാമറകൾ ഉൾപ്പെടെ 95 സി.സി.ടി.വി. ക്യാമറകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ എത്രയെണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) നിലവിൽ 6 ക്യാമറകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. അവ താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നവയാണ്.<br>1) കാസർഗോഡ് ഗവ.ഹോസ്പിറ്റൽ 2) പുതിയ ബസ് സ്റ്റാന്റ് 3) നുള്ളിപ്പാടി 4) ബി.സി.റോഡ് 5) കളക്ടറേറ്റിന്റെ മുൻവശം 6) കോടതിയുടെ മുൻവശം. |
| (സി) ജില്ലയിലെ കൂടുതൽ സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ക്യാമറകൾ സ്ഥാപിക്കുന്നത് പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**